<u>15 -ാം കേരള നിയമസഭ</u>

<u>1 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627</u> <u>09-06-2021 - ൽ മറുപടിയ്ക്ക്</u>

<u>കാസർഗോഡ് ജില്ലയിലെ ബാവിക്കര തടയണ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര തടയണയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബാവിക്കര തടയണയുടെ സിവിൽ, മെക്കാനിക്കൽ എന്നിവയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | ഷട്ടർ ഉയർത്താനും താഴ്ത്താനുമുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (ബി) | ഷട്ടർ ഉയർത്താനും താഴ്ത്താനുമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് കൊവിഡ് കാരണം കാലതാമസം നേരിട്ടു. ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. കരാർ കാലാവധിക്ക് മുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാലവർഷം തുടങ്ങുന്നതിനു മുൻപ് ഈ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലുള്ള അപകട ഭീഷണി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | റെഗുലേറ്ററിന്റെ FRP ഷട്ടറുകൾ മുഴുവനും മാറ്റുകയും, സ്റ്റീൽ ഷട്ടറുകൾ ഉയർത്തിവെക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിലവിൽ അപകട ഭീഷണി ഇല്ല. |
| (ഡി) | എങ്കിൽ ഇത് അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | റെഗുലേറ്ററിന്റെ FRP ഷട്ടറുകൾ മുഴുവനും മാറ്റുകയും, സ്റ്റീൽ ഷട്ടറുകൾ ഉയർത്തിവെക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിലവിൽ അപകട ഭീഷണി ഇല്ല. |

സെക്ഷൻ ഓഫീസർ